**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3282** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിക്ഷ പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം ആരംഭിച്ചത് എന്നുമുതലാണെന്നും പ്രസ്തുത നിയമനം ആരംഭിച്ച കാലയളവിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നൽകിയിരുന്ന വേതനം എത്ര രൂപയാണെന്നും ഇതിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ വിഹിതം എത്ര വീതമെന്നും അറിയിക്കുമോ; | (എ) | സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ പ്രോജക്ട് 2018ൽ നിലവിൽ വന്നു. എന്നാൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ (കലാ, കായിക, പ്രവൃത്തിപരിചയ) 2016 ൽ ആണ് എസ്.എസ്.എ യുടെ ഭാഗമായി ആദ്യനിയമനം നടത്തിയത്.<br><br>2016-17 ൽ 25,200/-ആണ് ഇവർക്ക് വേതനമായി നൽകിയിരുന്നത്.<br><br>അതിൽ കേന്ദ്ര സർക്കാർ വിഹിതം 60% ഉം, സംസ്ഥാന സർക്കാർ വിഹിതം 40% ഉം ആണ്. |
| (ബി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനത്തിൽ നാളിതുവരെ ഉണ്ടായിട്ടുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17- 25,200<br><br>2017-18- 25,200<br><br>2018-19- 14,000<br><br>2019-20 -14000<br><br>2020-21 -14,000<br><br>2021-22 -14,000<br><br>2022-23- 10,000 |
| (സി) | സമഗ്ര ശിക്ഷ പദ്ധതിക്ക് കീഴിൽ ബി.ആർ.സി. കളിൽ നിയോഗിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ആയമാർ എന്നിവരുടെ പ്രതിമാസ വേതനം എത്രയാണെന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ ലഭിക്കുന്ന പ്രതിമാസ വേതനം എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | ബി.ആർ.സി കളിൽ നിയമിച്ചിട്ടുളള ഓഫീസ് അറ്റൻഡന്റുമാർക്ക് 18,225/- രൂപ (ദിവസവേതനം),ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് കരാർ അടിസ്ഥാനത്തിൽ 21,175/-ഉം, ദിവസവേതനത്തിൽ ആണെങ്കിൽ 20,385/-രൂപയും, ആയമാർക്ക് 10,000/-രൂപയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 10,000/-രൂപയും ശമ്പളം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര സർക്കാരിന്റെ വിഹിതത്തിന് തുല്യമായി സംസ്ഥാന സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിരുന്ന രീതി അവസാനിപ്പിക്കാനുള്ള കാരണം എന്താണെന്നും പ്രസ്തുത രീതി അടിയന്തരമായി പുന:സ്ഥാപിച്ച് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് മാന്യമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് സമഗ്ര ശിക്ഷയ്ക്ക് സാമ്പത്തിക വിഹിതം അനുവദിക്കുന്നത്. ഇതിന് പുറമേയാണ് സംസ്ഥാന സർക്കാർ അധിക വിഹിതം സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് വേതനത്തിനായി അനുവദിച്ചിരുന്നത്. 23.02.2023ൽ ബഹു.വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സ്പെഷ്യലിസ്റ്റ് അധ്യാപകരുമായി നടത്തിയ ചർച്ചയിൽ ഇവരുടെ വേതനം 13,400/-രൂപയായി വർദ്ധിപ്പിക്കുന്നതിനും 13,400/-രൂപയുടെ 12% വരുന്ന 1608/- രൂപ ഇ.പി.എഫ് (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ